**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - വിവരാവകാശ നിയമം 2005 – പൊതു വിദ്യാഭ്യാസ (എ), പൊതു വിദ്യാഭ്യാസ (സി) വകുപ്പുകളിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരേയും അപ്പീൽ അധികാരികളേയും സ്ഥാന നിർണ്ണയം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (പി.എസ്) വകുപ്പ്**

സ.ഉ.(സാധാ)നം.2625/2016/പൊ.വി.വ. തീയതി, തിരുവനന്തപുരം, 11/08/2016.

---

പരാമർശം :- 28/07/2016-ലെ ഓഫീസ് ഉത്തരവ് നം. 05/2016/പൊ.വി.വ.

**<u>ഉത്തരവ്</u>**

പരാമർശത്തിലെ ഓഫീസ് ഉത്തരവ് പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിലെ ഫയൽ ചംക്രമണ വഴികൾ പുന:ക്രമീകരിക്കപ്പെട്ടതിനാൽ, തങ്ങളുടെ വകുപ്പുകളിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറേയും അപ്പീൽ അധികാരിയേയും സ്ഥാനനിർണ്ണയം ചെയ്ത് ഉത്തരവാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പൊതു വിദ്യാഭ്യാസ (എ/സി) വകുപ്പുകളിൽ നിന്ന് അപേക്ഷ ലഭിക്കുകയുണ്ടായി.

2. മേൽപ്പറഞ്ഞ സാഹചര്യത്തിൽ, ടി ഓഫീസ് ഉത്തരവിനെ അടിസ്ഥാനമാക്കി പൊതു വിദ്യാഭ്യാസ (എ) വകുപ്പിലെ അണ്ടർ സെക്രട്ടറി ശ്രീമതി. സോണിയ വാഷിങ്ടണെ ടി വകുപ്പിന്റെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായും ജോയിന്റ് സെക്രട്ടറി ശ്രീമതി.രമ.പി.നായരെ അപ്പീൽ അധികാരിയായും, പൊതു വിദ്യാഭ്യാസ (സി) വകുപ്പിൽ അണ്ടർ സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥൻ നിലവിൽ ഇല്ലാത്തതിനാൽ ടി വകുപ്പിലെ സെക്ഷൻ ഓഫീസർ ശ്രീ.റ്റി. അനിൽകുമാറിനെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായും സ്ഥാന നിർണ്ണയം ചെയ്യും പ്രസ്തുത വകുപ്പിലെ നിലവിലെ അപ്പീൽ അധികാരിയായ ശ്രീമതി.എ.സീതാലക്ഷ്മി അമ്മയെ ടി അധികാര സ്ഥാനത്ത് തുടരുന്നതിനും ഉത്തരവാകുന്നു.

*(ഗവർണറുടെ ഉത്തരവിൻ പ്രകാരം)*

രമ. പി. നായർ

ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി സംസ്ഥാന വിവരാകാശ കമ്മീഷൻ - കേരള, പുന്നൻ റോഡ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി @ സ്കൂൾ പ്രോജക്ട്, തിരുവനന്തപുരം (പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുല പ്രചരണത്തിന്)

ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ വിഭാഗം) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രദ്ധീകരിക്കുന്നതിന്)

പൊതു ഭരണ (ഏകോപനം) വകുപ്പ്

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും /എല്ലാ ഓഫീസർമാർക്കും

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ